# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൂറനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 6-1216/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂറനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 6-1216/2023 തീയ്യതി: 07/12/2023

## ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 28-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 28-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ
ശ്രീമതി സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി .സ്വപ്ന സുരേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കെ.ജി.ഹരികുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അശ്വനി ദേവി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഡാനിയൽ കോശി | വെറ്ററിനറി സർജൻ | 01-04-2022 | 10-08-2022 |
| ഡോ.വികാസ് | വെറ്ററിനറി സർജൻ | 11-08-2022 | 01-09-2022 |
| ഡോ.സായി പ്രസാദ് | വെറ്ററിനറി സർജൻ | 02-09-2022 | 27-09-2022 |
| ഡോ.നീതു | വെറ്ററിനറി സർജൻ | 28-09-2022 | 31-03-2023 |
| ശ്രീമതി.ഇന്ദുലേഖ.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി.രശ്മി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ഡോ.ശ്രീജ.കെ.ഒ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.രഞ്ചിഷ്.ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ശങ്കരൻ പോറ്റി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.പാർവ്വതി.വി | അസി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി മാളവിക.സി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.അജു ദേവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.രോഹിത് രവീന്ദ്രൻ | വി.ഇ.ഒ, പടനിലം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.അശ്വതി വിജയൻ | വി.ഇ.ഒ,ഇടപ്പോൺ സർക്കിൾ | 01-04-2022 | 31-07-2022 |
| ശ്രീമതി.ലാലി.എസ്സ് | വി.ഇ.ഒ,ഇടപ്പോൺ സർക്കിൾ | 01-08-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാങ്ങിയ വർഷം തന്നെ വാഹനത്തിന്റെ ഡിപ്രിസിയേഷൻ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നു | 1-1-2 |
| 4 | വിവിധ ഗ്രാന്റിനങ്ങളുടെ വാർഷികകണക്ക് പ്രകാരമുള്ള ചെലവും സുലേഖ പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-4 |
| 6 | ഡി.സി.ബി.യും അക്കൗണ്ട്സും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സഞ്ചിത നിധിയിൽ ഒടുക്കേണ്ട തുക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക അവലോകനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ടാക്സ് ഓഡിറ്റ്- അവലോകനം | 1-10 |
| 17 | വസ്തുനികുതി ചുമത്തപ്പെടാത്ത അനധികൃത മാൾ പ്രവർത്തിക്കുന്നു | 1-11 |
| 18 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള റോഡ് വീതിക്കനുസൃതമായ വസ്തുനികുതി ചുമത്തുന്നില്ല | 1-12 |
| 19 | മേൽത്തരം തറവിസ്തൃതിക്കനുസൃതമായുള്ള വർദ്ധനവുൾപ്പെടുത്താത്ത നിരവധി കെട്ടിടങ്ങൾ- ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ അനിവാര്യം | 1-13 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-14 |
| 21 | ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല | 1-15 |
| 22 | പാർപ്പിടാവശ്യ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റാതെ മറ്റ് സംസ്ഥാന തൊഴിലാളികൾക്കുള്ള ലോഡ്ജിംഗ് കെട്ടിടങ്ങളായി പ്രവർത്തിക്കുന്നു- തനതുവരുമാനം നഷ്ടമാകുന്നതിനപ്പുറം സുരക്ഷാപ്രശ്നങ്ങളും | 1-16 |
| 23 | ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർണ്ണമാക്കിയില്ല | 1-17 |

| | | |
|---|---|---|
| 24 | മേഖല വിഭജനം - സർക്കാർ നിർദ്ദേശാനുസരണമല്ല | 1-18 |
| 25 | തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല | 1-19 |
| 26 | പഞ്ചായത്ത് അനുമതികൂടാതുള്ള വാണിജ്യ വ്യാപാര പ്രവർത്തനങ്ങൾ -ഫീസ് ഇനത്തിൽ നഷ്ടം | 1-20 |
| 27 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-21 |
| 28 | ഇ-ടെണ്ടർ ഫീസ് -3,50,824/-രൂപ -ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ | 1-22 |
| 29 | റീ-ഫണ്ട് ചെയ്ത മുൻകൂർ നിക്ഷേപം -1,42,516/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചില്ല | 1-23 |
| 30 | വാട്ടർ അതോറിറ്റി വെള്ളക്കരം- പെരുകുന്ന ബാധ്യത- സത്വരനടപടി അനിവാര്യം | 1-24 |
| 31 | ഹെൽപ്പ് ഡെസ്ക് സജ്ജമാക്കിയില്ല | 1-25 |
| 32 | ഹരിതകർമ്മ സേനക്ക് വാഹനം-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-26 |
| 33 | പുഷ്പക്കൃഷി-സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-27 |
| 34 | ടിഡിഎസ് കുറവ് ചെയ്യാതെ പേയ്മെന്റ് നൽകി-കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നഷ്ടം | 1-28 |
| 35 | വിവിധ പദ്ധതികൾ പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്ന്-8,45,486/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല | 1-29 |
| 36 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-30 |
| 37 | വിനിയോഗവിവരങ്ങളില്ല | 1-31 |
| 38 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ - ഒരു അവലോകനം | 1-32 |
| 39 | അഗതിരഹിത കേരളം പദ്ധതി - അവലോകനം | 1-33 |
| 40 | ലൈഫ് പദ്ധതി - അവലോകനം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പുഷ്പക്കൃഷി - സബ്സിഡി നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023-ലെ 1/1-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട നൂറനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 വാങ്ങിയ വർഷം തന്നെ വാഹനത്തിന്റെ ഡിപ്രിസീയേഷൻ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ S0163/23 പ്രകാരം 4,60,933 രൂപയ്ക്ക് ഇലക്ട്രിക് കാർട്ട് എന്ന വാഹനം ഹരിത കർമ്മസേനയ്ക്കും, ഗ്രാമപഞ്ചായത്തിന് 8,57,217 രൂപയ്ക്ക് ബോലേറോ ജീപ്പും വാങ്ങുകയുണ്ടായി. എന്നാൽ വാങ്ങിയ വർഷം തന്നെ വാഹനത്തിന്റെ ഡിപ്രിസിയേഷൻ തുകയായി 1,51,629 ഷെഡ്യൂൾ B-11 (A) ൽ ഉൾപ്പെടുത്തി.

1-1-3 വിവിധ ഗ്രാന്റിനങ്ങളുടെ വാർഷികകണക്ക് പ്രകാരമുള്ള ചെലവും സുലേഖ പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുത്തുന്നില്ല

വിവിധ ഗ്രാന്റിനങ്ങളുടെ വാർഷികകണക്ക് പ്രകാരമുള്ള ചെലവും സുലേഖ പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | ആകെ ചെലവ് | ലാപ്സായ തുക | സുലേഖ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1,72,54,000 | 23,42,629 | 1,30,69,289 | 1,54,11,918 | 18,42,082 | 1,50,80,250 | 3,31,668 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1,29,74,000 | -- | 91,71,330 | 91,71,330 | 38,02,670 | 94,96,238 | 3,24,908 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 62,30,000 | -- | 52,17,360 | 52,17,360 | 10,12,640 | 46,92,452 | 5,24,908 |

1-1-4 ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

അക്കൗണ്ട്സിൽ സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ഡിമാന്റ് തുകയേക്കാൾ അധികമായി പിരിച്ചെടുത്തതായി രേഖപ്പെടുത്തി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| സ്ഥാപന തൊഴിൽ നികുതി | 75,500 | 76,750 |

വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

1-1-5 ഡി.സി.ബി.യും അക്കൗണ്ട്സും പൊരുത്തപ്പെടുന്നില്ല

ലൈസൻസ് ഫീ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 10,000 രൂപ അഡ്വാൻസ് കളക്ഷൻ ഉണ്ട്. എന്നാൽ ഇത് തൻവർഷ ഡിമാന്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട്സും രജിസ്റ്ററും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 3,70,000 | 3,65,000 | ഷെഡ്യൂൾ ബി-15 ൽ ബാലൻസ് കാണിച്ചിട്ടില്ല. |
| രജിസ്റ്റർ പ്രകാരം | 3,70,000 | 3,70,000 | -- |

അപാകം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 സഞ്ചിത നിധിയിൽ ഒടുക്കേണ്ട തുക തെറ്റായി അക്കൗണ്ട് ചെയ്തു

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ വന്ന 1,42,516 രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കുകയോ പഞ്ചായത്തിന്റെ ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തുകയോ ചെയ്യാതെ വീണ്ടും അഡ്വാൻസ് ടു ഇമ്പ്ലിമെന്റിംഗ് ഏജൻസി എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി. അപാകത പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പിന്നീട് തൻ വർഷത്തെ ബജറ്റ് പരിഷ്കരിക്കുകയും 23.02.2023-ലെ 1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 23,27,16,859 | 23,26,87,020 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 17,13,82,334 | 18,83,42,759 |

## 1-3 സാമ്പത്തിക അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 1,87,76,005 |
| വരവ് | 4,63,44,649 |
| ആകെ | 6,51,20,654 |
| ചെലവ് | 4,33,96,628 |
| നീക്കിയിരിപ്പ് | 2,17,24,026 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ആകെ | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | 1,72,54,000 | 1,72,54,000 | 1,64,24,040 | 829960 |
| വികസനഫണ്ട് (എസ്.സി.പി) | - | 1,25,53,000 | 1,25,53,000 | 1,16,33,817 | 9,19,183 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| മെയിന്റനൻസ് ഫണ്ട് -റോഡ് | - | 1,29,74,000 | 1,29,74,000 | 1,00,84,201 | 28,89,799 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | - | 62,30,000 | 62,30,000 | 48,92,452 | 13,37,548 |
| സി.എഫ്.സി. ഗ്രാന്റ് (ടൈഡ്) | | 98,20,000 | 98,20,000 | 31,64,241 | 66,55,759 |
| സി.എഫ്.സി. ഗ്രാന്റ് (അൺ ടൈഡ്) | | 37,52,899 | 37,52,899 | 25,52,520 | 12,00,379 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയത്- ശതമാനം |
|---|---|---|---|---|---|---|
| 165 | 13,79,99,658 | 109 | 6,74,74,191 | 10 | 46 | 66.06% |

## 1-6 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 985 | 9,46,529 | 9,47,514 | 3,96,566 | 5,50,948 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 4,53,28,415 | 4,53,28,415 | 4,53,28,415 | |
| ആകെ | 985 | 4,62,74,944 | 4,62,75,929 | 4,57,24,981 | 5,50,948 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23,400 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 43,55,200 | 309 |
| വിധവാപെൻഷൻ | 1,32,89,500 | 1030 |
| വാർദ്ധക്യകാല പെൻഷൻ | 2,63,58,700 | 2323 |
| വികലാംഗ പെൻഷൻ | 31,85,500 | 239 |
| അവിവാഹിത പെൻഷൻ | 7,31,800 | 61 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.23 തീയ്യതിയിൽ 2-23 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,000/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന കാര്യങ്ങളിലൊഴികെ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ

തൃപ്തികരമാണ്.

1)പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2)നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പദ്ധതി ഫയലുകളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

3)പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ്- അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203).

രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). സിനിമ ഉൾപ്പെടെയുള്ള വിനോദ പരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്നുവ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാന മേഖലകൾ :

പുതിയ തനതുവരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. നൂറനാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച്, നിലവിലുണ്ടായിരുന്ന കടമുറികൾ വളരെ കുറഞ്ഞ നിരക്കിലാണ് നിലവിൽ വാടകക്ക് പോയിട്ടുള്ളത്. പുതിയതായി ആരംഭിച്ച ഷോപ്പിംഗ് ക്ലോപ്ലക്സ് മുറികൾ ഒഴിഞ്ഞുകിടക്കുന്നു.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. മൊബൈൽ ടവറുകൾ, ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ

എന്നിവയെല്ലാം നികുതി ശൃംഖലക്ക് പുറത്താണ്.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ:

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ മാത്രമാണ് കുടിശ്ശിക അവശേഷിക്കുന്നത്. തൊഴിൽ നികുതി ഡിമാന്റിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങങ്ങൾ കൂടി, പിരിവ് പുരോഗതി നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല / അനധികൃത നിർമ്മിതികൾക്ക് വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത് മൂലം ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാകുന്നു. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ് പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിലെ കണക്കുകൾ. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാന കാരണം.

5) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ് :

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

6) വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്:

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നിർണ്ണയം പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഓരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും വസ്തുനികുതി നിർണ്ണയം നടത്തുന്ന മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതും സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി അടിത്തറ ശക്തിപ്പെടുത്തിയാൽ മാത്രമെ അവയുടെ സാമ്പത്തിക അടിത്തറ ഭദ്രമാകുകയുള്ളൂ. ആയതിനാൽ നൂറ് ശതമാനം നികുതി ഓഡിറ്റിനുള്ള സാഹചര്യമുണ്ടാകണം.

7) വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല:

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013-ൽ ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

8) വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല:

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം -21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G1, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്.

9) സാങ്കേതിമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു :

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -6 പട്ടിക -6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽകൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും ഒഴിവാകുന്ന അവസ്ഥയാണുള്ളത്. വിഷയം IKM ന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

10) സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല:

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോർച്ചകൾ, കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. (18.11.19-ലെ സ.ഉ(അച്ചടിച്ചത്) 82/2019/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നിർദേശിച്ചിരുന്നു.

1.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം

ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവ ഇതിന് ഉദാഹരണമാണ്.

2.ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ

കൂടാതെ 8.9.2020-ലെ സ.ഉ(അച്ചടിച്ചത്) 53/2020 ത.സ്വ.ഭ.വ. പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു).

ഉത്തരവുകൾ പ്രകാരം പുതുതായി ആറ് ഉപയോഗക്രമങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്താത്തതുമായ ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

11) മൊബൈൽ ടവറുകളുടെ വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച :

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ നികുതി നിർണ്ണയത്തിന് പഞ്ചായത്തിനെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ ബാറ്ററി, ഷെൽറ്റർ റൂമുകൾ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട് .

12) അനധികൃതമായ നികുതിയിളവ്

പഞ്ചായത്ത് രാജ് നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെട്ടിടങ്ങൾ മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും നികുതി ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിലും ചില അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്

ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്.

6)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ്തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണം.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

10) അനധികൃത നികുതിയിളവുകൾ പുന:പരിശോധിക്കണം.

11) മൊബൈൽ ടവറുകളുടെ വസ്തുനികുതി ചുമത്താത്തത് മൂലമുള്ള നഷ്ടം അടിയന്തിരമായി പരിഹരിക്കണം.

1-11 വസ്തുനികുതി ചുമത്തപ്പെടാത്ത അനധികൃത മാൾ പ്രവർത്തിക്കുന്നു

ഫയൽ നം-C3/550/2021

വാണിജ്യാവശ്യമാളിന്റെ ക്രമവൽക്കരണം നീണ്ടുപോകുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ 3,27,373/-രൂപയുടെ നഷ്ടമുണ്ടാകുന്നു. കൂടാതെ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നീ വരവിനങ്ങളിലും പണം നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഗ്രാമപഞ്ചായത്തിന്റെ പത്താം വാർഡിൽപ്പെട്ട ചാരുമൂട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ചോയിസ് ഹൈപ്പർ മാർക്കറ്റ് എന്ന സ്ഥാപനത്തിന്റെ കെട്ടിടസമുച്ചയത്തിന്റെ ക്രമവൽക്കരണത്തിനായി അയിഷ ഉമ്മ, ഷാജു ജമാലുദീൻ, ഫർസിൻ മുഹമ്മദ് എന്നിവർ (വേലിയിൽ ഹൌസ്, പേരൂർ കാരാഴ്മ, ചാരുംമൂട്) ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 10/177, 10/177 A,10/177/B എന്നീ കെട്ടിടങ്ങളോട് ചേർത്ത് ഉടമ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടഭാഗങ്ങളുടെ ക്രമവൽക്കരണം, നിലവിൽ അസംബ്ലിഹാൾ എന്ന നിലക്ക് ഉപയോഗക്രമം നിശ്ചയിച്ച് വസ്തുനികുതി ചുമത്തിപ്പോരുന്ന 10/177 എന്ന കെട്ടിടത്തിന്റ ഉപയോഗക്രമത്തിലുള്ള മാറ്റം എന്നിവക്കായിട്ടാണ് ഉടമകൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ട പ്ലാൻ പ്രകാരമുള്ള ഏരിയാ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | | | സഞ്ചയ പ്രകാരമുള്ള വിവരം | | |
|---|---|---|---|---|---|
| 1 | 10/177 A (താഴത്തെ നില) | 122.02 | 100ച.മീ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടം | 130.61 ച.മീ | @60/Sqm |
| 2 | 10/177 B (ഒന്നാം നില) | 116.59 | 100ച.മീ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടം | 116.59 ച.മീ 16.8 ച.മീ (രണ്ടാം നില) | @60/Sqm |
| 3 | സ്റ്റെയർ കാബിൻ | 18.82 | ഉൾപ്പെടുന്നില്ല | -- | -- |
| 4 | 10/177 താഴത്തെ നില | 1473.52 | ഉൾപ്പെടുന്നില്ല | -- | -- |
| 5 | 10/177 താഴത്തെ നില | 385.85 | അസംബ്ലിഹാൾ-ഓഡിറ്റോറിയം | 463.37 | @40/Sqm |
| 6 | 10/177 ഒന്നാം | 242.09 | അസംബ്ലിഹാൾ-ഓഡിറ്റോറിയം | 223.07 | @40/Sqm |

| | | | | | |
|---|---|---|---|---|---|
| | നില | | | | |
| 7 | 10/177 രണ്ടാം നില | 373.23 | അസംബ്ലിഹാൾ-ഓഡിറ്റോറിയം | 260.28 | @40/Sqm |
| 8 | 10/177 മൂന്നാം നില | 90.01 | ഉൾപ്പെടുന്നില്ല | -- | -- |
| | ആകെ | 2822.18 | സഞ്ചയയിൽ ഉൾപ്പെടുന്ന വിസ്തൃതി -1210.72 | | |

കെട്ടിടത്തിന്റെ 1611.46 ചതുരശ്രമീറ്റർ ഭാഗവും സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നില്ല. 27.01.21-ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച അപേക്ഷ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ നിരവധി അപാകങ്ങൾ ചൂണ്ടികാട്ടി അപേക്ഷകന് കത്ത് നൽകിയിരുന്നു. കെട്ടിടം നിൽക്കുന്ന പ്ലോട്ടിൽ തന്നെ പാർക്കിംഗ് ഉൾപ്പെടുത്തണമെന്ന് തുടങ്ങി നിരവധി കാരണങ്ങൾ പഞ്ചായത്ത് കത്ത് മുഖാന്തിരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. 25.12.2020 മുതൽ ചോയിസ് മാൾ എന്ന പേരിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 200 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടം @80/ Sqm, ഘടനാപരമായ മാറ്റം,മേൽത്തരം തറനിർമ്മിതി, റോഡ് സൌകര്യം, കേന്ദ്രീകൃത ശീതികരണസംവിധാനം എന്നിവ ഉൾപ്പെടെ 45 ശതമാനം വർദ്ധനവ് എന്നിവ പരിഗണിക്കുമ്പോൾ വസ്തുനികുതിയിനത്തിൽ തന്നെ 3,27,373 രൂപ ഈ കെട്ടിടത്തിന് ചുമത്തപ്പെടേണ്ടതുണ്ട്. ഭീമമായ വസ്തുനികുതി നഷ്ടത്തിന് പുറമെ ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി (ജീവനക്കാരുടെ), തൊഴിൽ നികുതി (സ്ഥാപനത്തിന്റെ) എന്നീ നിലക്കുള്ള വരുമാനങ്ങളും നഷ്ടമാകുന്നു. മേൽ വിഷയം സംബന്ധിച്ച് കെട്ടിടത്തിൽ നിരവധി അനധികൃത നിർമ്മിതികൾ ഉണ്ടായിരുന്നിട്ടും നാളിതുവരെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരമുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ പാർക്കിംഗ് ഏരിയയിലെ കുറവ് സംബന്ധിച്ച് വ്യക്തത വരുത്തിയതായി കാണുന്നില്ല.

മെക്കാനിക്കൽ പാർക്കിംഗ് പോലെയുള്ള നൂതന സംരംഭങ്ങളെക്കുറിച്ച് ഉടമയെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനുമായി ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-12 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള റോഡ് വീതിക്കനുസൃതമായ വസ്തുനികുതി ചുമത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡിന്റെ വീതി കംപ്ലീഷൻ പ്ലാൻ പ്രകാരം |
|---|---|---|---|
| 1 | 8/267 A | ദിലീപ് കുമാർ, ദീപാഭവനം നെട്ടുംകുളഞ്ഞിമുറി | 7m |
| 2 | 16/20 A | മോഹൻരാജ് കെ. ശ്രീധരം കോക്കോലിൽ | 8m |
| 3 | 4/163 A | ഉദയഭാനു, ഉദയഭവനം | 5.40 M |
| 4 | 14/595A | സിന്ധു എസ്. കുറുപ്പ് മാധവം | 5m |
| 5 | 1/759 A | തോമസ് ബിജോയ്, കുഴിയിൽ പീടികയിൽ ചെറുമുഖ | 780 M |
| 6 | 16/447 A | ശ്രീലേഖ കൊട്ടക്കാട്ടേത്ത് പുലിമേൽ | 8.00 M |
| 7 | 10/672 G | മുഹമ്മദ് ഷാഫി ഷെറീന ഷാഫി കാഞ്ഞിരവിള പുത്തൻവീട്ടിൽ ചുനക്കര | 10 M |
| 8 | 7/41 | രാജു, തിരുവാതിര, പാലമേൽ | 6 M |
| 9 | 4/28 A | ശരണ്യ, നന്ദനം, പാറ്റൂർ | 8.60 M |
| 10 | 6/53 | രാജേഷ് എം., സരസ്വതി ഭവനം കിടങ്ങയം | 6M |
| 11 | 9/33A | ഓമന, ലതിക ഭവനം, തത്തമുന്ന | 8.95m |
| 12 | 9/58 | റ്റിറ്റു, സ്റ്റാൻലി, വൃന്ദാവനം | 10.7 M |
| 13 | 16/117A | ലാസർ ദേവസ്യ, ഇടപ്പുരയിൽ, പുലിനേൽ | 5M |
| 14 | 9/62 A | ക്രിസ്റ്റി ജോൺ,സിജിൻ സ്റ്റാൻലി, വൃന്ദാവനം | 10.70 M |
| 15 | 15/157A | ബിനു, പ്രശാന്തി, ബിനുഭവനം | 5m |

| | | | |
|---|---|---|---|
| 16 | 6/162 | ജോൺസൺ, എൽസമ്മ ഭവൻ, കിടങ്ങയം | 6 M |
| 17 | 8/288A | അനിൽ കുമാർ പുത്തൻവീട്ടിൽ | 8 M |
| 18 | 4/554A | ഭാവനമോഹൻ വടക്കേതൊഴത്ത് വീട്ടിൽ പാറ്റൂർ | 8.40 M |
| 19 | 4/82 B | അനിൽകുമാർ, ചൈതന്യ | 5.80 M |
| 20 | 11/117 | വിനീഷ് കുമാർ, ഹരിനന്ദനം | 9.00 M |
| 21 | 13/184B | ജയചന്ദ്രൻ, ജയഭവനം | 9M(കുടശ്ശനാട് -ഭരണിക്കാവ് റോഡ്) |
| 22 | 17/359 B | അമ്പിളി ഡി., ദേവാർച്ചന | 7.04 M |
| 23 | 5/447 | കെ.ശ്യാമള, കളത്തിപ്പറമ്പിൽ | 7.435 Mm |
| 24 | 1/271A | രാജശേഖരൻ പിള്ള, നിലക്കൽ വീട്ടിൽ | 6 M Road |
| 25 | 11/70 A | സുശീല കെ., മീനത്തേരിൽ | 8.00 M |

റോഡ് വിസ്തൃതി സംബന്ധിച്ച വിജ്ഞാപനം പരിശോധനക്ക് ഹാജരാക്കിയില്ല. ഫീൽഡ് തല പരിശോധന നടത്തി റോഡ് വിസ്തൃതിക്കനുസൃതമായ വസ്തുനികുതി വർദ്ധനവ് ബാധകമാകുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-13 മേൽത്തരം തറവിസ്തൃതിക്കനുസൃതമായുള്ള വർദ്ധനവുൾപ്പെടുത്താത്ത നിരവധി കെട്ടിടങ്ങൾ- ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ അനിവാര്യം

2011-ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 10/577 A- | മോഹനൻ, മിനി കെ നാരായണൻ, സുകൃതം |
| 2 | 10/634A | രമേശൻ പിള്ള, ഐശ്വര്യ |
| 3 | 0/920- | സാജു എം.എസ്., സാരംഗി |
| 4 | 10/924 | ജമീല ബീവി, സിറാജ് മൻസിൽ |
| 5 | 10/940 | അരുൺ രാജ് പിള്ള, രാജവത്സം |

(പട്ടിക പൂർണ്ണമല്ല)

തറനിർമ്മിതിയുടെ തരം സംബന്ധിക്കുന്ന പരിശോധന നടത്തി അടിസ്ഥാന തറവിസ്തൃതിയിൽ വർദ്ധനവ് വരുത്തേണ്ടതുണ്ടെങ്കിൽ, വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.10.2014-ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം 8 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം മൊബൈൽ ടവറിന്റെ മുഴുവൻ ഭാഗങ്ങളും വസ്തുനികുതി ചുമത്തപ്പെടുന്നുണ്ടോയെന്നും പരിശോധിച്ചുറപ്പിക്കേണ്ടതുണ്ട്.

വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു.

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധന നടത്തി ചുവടെ ചേർക്കുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

| ടെലി കമ്മ്യൂണിക്കേഷൻ ടവർ /സർവ്വീസ് പ്രൊവൈഡറുടെ പേര് | വാർഡ് നം. | ടവർ നിൽക്കുന്ന സ്ഥലം/കെട്ടിട ഉടമയുടെ പേര് | തൊട്ടടുത്തുള്ള കെട്ടിട നമ്പർ |
|---|---|---|---|
| ഇൻഡസ് ടവർ | 10 | സി.ബീനാകുമാരി ഗൌരി ഭവനം | 10/764 |
| ബി.എസ്.എൻ.എൽ. | 13 | ശ്രീകുമാർ, ശ്രീനിലയം(ജയഭവനം) | 13/90 |
| ബി.എസ്.എൻ.എൽ. | 14 | ഗൌതമൻ, രേഖ, ലക്ഷമി, ഇന്ദു | 14/583 |

| | | | |
|---|---|---|---|
| | | പാട്ടത്തിൽ<br>വടക്കേതിൽ | |

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-5/20.09.2023-നുള്ള മറുപടി). എന്നാൽ ഈ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചീടാക്കുന്നില്ല. ടവറുകളുടെ നിർമ്മാണം സംബന്ധിക്കുന്ന പെർമിറ്റ്/ ഇന്റിമേഷൻ വിവരങ്ങളോ പൂർത്തീകരിച്ചത് സംബന്ധിക്കുന്ന വിവരങ്ങളോ ഇതേവരെ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിനൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും വസ്തുനികുതി ചുമത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 3 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 40/- രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാം. എന്നാൽ ഒരു ഫ്യൂവൽ സ്റ്റേഷനെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഈ ഫ്യൂവൽ സ്റ്റേഷന്റെ സെയിൽസ് റൂം, ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫ്യൂവൽ സ്റ്റേഷന്റെ പേര് | കെട്ടിട നം. | പരിഗണിച്ച തറവിസ്തൃതി | റിമാർക്സ് |
|---|---|---|---|
| ശ്രീ റാം ഫ്യൂവൽസ് (സിജു ഉത്തമൻ, സിജു സദനം) | 8/77,<br>8/77 A | 37.17 $M^2$<br>67 $M^2$ | സഞ്ചയ പ്രകാരം കാനോപ്പി ഭാഗം ഈ രണ്ട് കെട്ടിടങ്ങളിലും ഉൾപ്പെടുന്നില്ല |

ടി ഫ്യൂവൽ സ്റ്റേഷനിൽ പരിശോധന നടത്തി കാനോപ്പി ഏരിയ വസ്തുനികുതിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച്, കാനോപ്പി ഭാഗം ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവയുടെ തറവിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. സെയിൽസ് റൂം, ഓഫീസ് റൂം എന്നിവയെ

പ്രത്യേകമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 18 തീയതി 25.09.2023-ന് നൽകിയ മറുപടിയെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.)

1-16 പാർപ്പിടാവശ്യ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റാതെ മറ്റ് സംസ്ഥാന തൊഴിലാളികൾക്കുള്ള ലോഡ്ജിംഗ് കെട്ടിടങ്ങളായി പ്രവർത്തിക്കുന്നു- തനതുവരുമാനം നഷ്ടമാകുന്നതിനപ്പുറം സുരക്ഷാപ്രശ്നങ്ങളും

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി നിരവധി കെട്ടിടങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ താമസ്സ ആവശ്യത്തിനുപയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-4 തീയതി 20.09.2023 നുള്ള മറുപടി). എന്നാൽ ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പ്രകാരം(സഞ്ചയ ഡേറ്റാബേസ്) ഈ കെട്ടിടങ്ങളെല്ലാം തന്നെ പാർപ്പിടാവശ്യകെട്ടിടങ്ങളെന്ന നിലക്ക് നികുതി നിർണ്ണയിച്ചവയാണ്. ഇത് ഗ്രാമപഞ്ചായത്തിന് തനതുവരുമാനനഷ്ടം ഉണ്ടാക്കുകയും അതിലുപരി സുരക്ഷാപ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നുണ്ട്. മറുപടി പ്രകാരം സെക്രട്ടറി ലഭ്യമാക്കിയ കെട്ടിടങ്ങളുടെയും ഉടമകളുടെയും പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര്/ വിലാസം |
|---|---|---|
| 1 | 10/377 | സുബൈദ ഷംസുദീൻ, ബിഷാലു ഭവൻ |
| 2 | 12/159 A | രാമചന്ദ്രക്കുറുപ്പ്, ശ്രീരാഗം |

നിർമ്മാണ തൊഴിൽശാലകളോട് ചേർന്നും നിരവിധിയിടങ്ങളിൽ അനധികൃത ഷെഡ്ഡുകൾ നിർമ്മിച്ച് തൊഴിലാളികളെ പാർപ്പിക്കുന്നുണ്ട്.

നിർമ്മാണ പ്രവർത്തികളുടെ കരാറുകാർ അല്ലെങ്കിൽ കെട്ടിട ഉടമ ഇവിടങ്ങളിൽ താമസ്സിക്കുന്നവരുടെ വിവരങ്ങൾ സൂക്ഷിക്കാത്തതിനാൽ ഇവരെ സംബന്ധിക്കുന്ന വിവരങ്ങൾ അടിയന്തിര സാഹചര്യങ്ങളിൽ ലഭ്യമാക്കാൻ കഴിയാതെ വരുന്നത് ഭാവിയിൽ സുരക്ഷപ്രശ്നങ്ങൾക്ക് വരെ ഇടയാക്കിയേക്കാം.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 ൽ കെട്ടിടങ്ങളുടെ വിനിയോഗം സംബന്ധിക്കുന്ന വിശദീകരണങ്ങൾ സർക്കാർ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഏക അല്ലെങ്കിൽ ബഹുകുടുംബ വാസസ്ഥലങ്ങളെയാണ് പാർപ്പിടാവശ്യകെട്ടിടങ്ങളായി പരിഗണിക്കാനാവുക. കുടുംബങ്ങൾ എന്ന നിലക്കല്ലാതെ മറ്റ് സംസ്ഥാന തൊഴിലാളികളെ പ്രതിമാസ/ പ്രതിദിന വാടക ഈടാക്കി പാർപ്പിക്കുന്ന ഇടങ്ങളെ പാർപ്പിടാവശ്യകെട്ടിടങ്ങളെന്ന നിലക്ക് നികുതി ചുമത്തുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -17 പ്രകാരം നിർവ്വചിച്ചിട്ടുള്ള വസ്തുനികുതി നിർണ്ണയത്തിന് ശേഷം ഉപയോഗക്രമത്തിൽ വരുത്തുന്ന മാറ്റമായി മാത്രമെ മേൽ വിഷയത്തെ പരിഗണിക്കാനാകൂ.ആയതിനാൽ ചട്ടം 17 ലെ ഉപചട്ടം -4 പ്രകാരം ചട്ടം 12 ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുനികുതി പുനർനിർണ്ണയം സെക്രട്ടറിക്ക് ചെയ്യാവുന്നതാണ്. കൂടാതെ ലോഡ്ജിംഗ് കെട്ടിടങ്ങളെന്ന നിലക്ക് രേഖകൾ സൂക്ഷിക്കുന്നതിന് നിർദ്ദേശിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1-17 ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർണ്ണമാക്കിയില്ല

1) 10/907 മുതൽ 10/911 വരെയുള്ള കെട്ടിടങ്ങളുടെ ആകെ വിസ്തൃതി 221.48 ആണ്. മുഹമ്മദ് സലീം, സലീന, ഗസൽ പുതുപ്പള്ളിക്കുന്നം എന്നയാളുടെ പേരിലുള്ള ഈ കെട്ടിടം 05.11.2018-ൽ നിലവിൽ വന്നതാണ്. ഈ കെട്ടിടങ്ങൾക്ക് 100ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതിയാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുമ്പോൾ, അവയുടെ ആകെ തറവിസ്തൃതിക്കനുസൃമായി വസ്തുനികുതി ചുമത്തേണ്ടതാണ്. ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ വസ്തുനികുതി ഡിമാൻഡിലുള്ള നഷ്ടം നികത്തേണ്ടതാണ്.

2) 10/175 G എന്ന കെട്ടിടത്തിന് സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിസ്തൃതി 109.76 ച.മീറ്ററാണ്. എന്നാൽ 100ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്കാണ് ചുമത്തിയിരിക്കുന്നത്. ഇത് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതിയിൽ കുറവുണ്ടാക്കുന്നു. ഡേറ്റാ എൻട്രിയിലുണ്ടായ പിഴവുമൂലമുള്ള ഇത്തരം കുറവുകൾ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഡേറ്റാ പ്യൂരിഫിക്കേഷൻ മൂലം ഒഴിവാക്കേണ്ടതുമാണ്.

3)ഓരോ ഉടമസ്ഥരുടെ പേരിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)358/15/തസ്വഭവ തീ. 16-12-15 പ്രകാരം 2015-16 മുതൽ ബാധകമായ നികുതിയിളവ് നൽകിയിട്ടുണ്ട്.

1) ഷീജ, ഗ്രീൻ വില്ല

10/305 A &10/ 305 B

2) നൌഷദ്, ഷീജ പാലാവിള പടീറ്റതിൽ

10/808, 10/808 A Ward 10

എന്നാൽ ഈ ഉത്തരവ് അടിസ്ഥാനമാക്കിയുള്ള 60 ചതുരശ്രമീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്കുള്ള നികുതി ഒഴിവ് ഒരു കുടുംബത്തിലെ കുടുബനാഥന്റെ / കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു കെട്ടിടത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ സഞ്ചയയിൽ ഇപ്പോഴും ഈ കെട്ടിടങ്ങൾക്ക് ഇളവുള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡിമോളിഷ്ഡ് കെട്ടിടങ്ങളാണെങ്കിൽ വിവരങ്ങൾ അപ്രകാരം അപ്ഡേറ്റ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നികുതിയിളവ് ഒരു കെട്ടിടത്തിനുമാത്രമായി പരിമിതപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-18 മേഖല വിഭജനം - സർക്കാർ നിർദ്ദേശാനുസരണമല്ല

പ്രാഥമിക മേഖലയുടെ നിർണ്ണയത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര അവധാനത പുലർത്താതിരുന്നത് ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സമീപത്തായിട്ടാണ് വില്ലേജ് ഓഫീസ്, പ്രാഥമികാരോഗ്യകേന്ദ്രം എന്നിവ സ്ഥിതി ചെയ്യുന്നത്. സ്കൂളുകൾ, നിരവധി വാണിജ്യാസ്ഥാപനങ്ങൾ, മാർക്കറ്റ് എന്നിവയും ഗ്രാമപഞ്ചായത്തിന്റെ സമീപത്താണ്. എന്നാൽ ഈ ഭാഗം ദ്വിതീയ മേഖലയാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടാക്കുന്നത്. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 1 പ്രകാരം സർക്കാർ, അർദ്ധസർക്കാർ ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ബസ് സ്റ്റാൻഡ് ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങളാണ് പ്രാഥമിക മേഖല എന്നും പ്രാഥമിക മേഖലകളിൽ വസ്തുനികുതിയിളവോ വർദ്ധനവോ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനം പോലും ദ്വിതീയമേഖലയുൾപ്പെടുത്തിയുള്ള വിജ്ഞാപനം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ഗോകുൽ നാഥ്, പ്രമീള സാഗരിക പടനിലം എന്ന ഉടമകളുടെ പേരിൽ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം വാർഡിൽ (പടനിലം ടൌൺ) വാണിജ്യാവശ്യ കെട്ടിട സമുച്ചയത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തി

കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. നൂറ് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടമെന്ന നിലക്കാണ് കെട്ടിട സമുച്ചയത്തിന്റെ ഉപയോഗക്രമം. ചതുരശ്രമീറ്ററിന് 60 രൂപയാണ് ചുമത്തിയിട്ടുള്ള വസ്തുനികുതി നിരക്ക്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം പാറ – ഇടപ്പോൺ റോഡിൽ പഞ്ചായത്ത് ഓഫീസ്, നൂറനാട് പി.എച്ച്.സി. എന്നിവക്ക് സമീപമായി പടനിലം ജംഗ്ഷനിൽ നിന്നും ഏകദേശം നൂറു മീറ്റർ മാത്രം മാറിയാണ് സ്ഥിതി ചെയ്യുന്നത്.

ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപമായി പടനിലം ജംഗ്ഷനിൽ നിന്നും നൂറ് മീറ്റർ മാത്രം അകലെ പാറ-ഇടപ്പോൺ റോഡ് ഫ്രണ്ടേജോടുകൂടി സ്ഥിതി ചെയ്യുന്ന കെട്ടിടം ദ്വിതീയ മേഖലയെന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖല വിഭജനം അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങൾക്കും പത്ത് ശതമാനം ഇളവ് നൽകിയിട്ടുണ്ട്. ഇത് ആകെ വസ്തുനികുതിയിൽ 10 ശതമാനം കുറവുണ്ടാക്കി. 2011-ലെ പ്രാഥമിക വസ്തുനികുതി വിജ്ഞാപനത്തിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല. വസ്തുനികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന കാലയളവിൽ മേഖല പുന:നിർണ്ണയം സാധ്യമാകാത്തതിനാൽ ഈ നഷ്ടം തുടരുകയാണ്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരാവുന്നതാണ്.(ഓഡിറ്റ് എൻക്വയറി നം.30 തീയതി 27.09.2023-ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-19 തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കപ്പെട്ട സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും എന്നാൽ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടാത്തതുമായ ചില സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I)ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന ഫ്യൂവൽ സ്റ്റേഷനുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയില്ല.

1) ശ്രീ റാം ഫ്യൂവൽസ് - 8/77, 8/77 A

2)എസ്സ് എസ്സ് ഫ്യൂവൽസ് -9/22 A,9/22 B

3) ജയ പെട്രോളിയം, ഇടപ്പോൺ 1-739,1-740

II )താഴെ പറയുന്ന ധനകാര്യപണമിടപാട് സ്ഥാപനങ്ങൾക്ക് വസ്തുനികുതി ചുമത്തിയില്ല.

1)പുല്ലാട് ഫിനാൻസ്, പാറ
2)kridhi ഫിനാൻസ്

3)ചാണക്യനിധി ചിറ്റ് സ്

4)മുക്കിൻ പീടികയിൽ ഫിനാൻസ്

5)ലക്ഷ്മി ഫിനാൻസ്, ഇടപ്പോൺ

6)ക്യാപ്പിറ്റൽ മാക്സ് ഫിനാൻസ്, ഇടപ്പോൺ

7)G& G ഫിനാൻസ്, പാറ്റൂർ

8)CRV ഫിനാൻസ്, ഇടപ്പോൺ

9)കോട്ടൂർ ഫിനാൻസ്, പടനിലം

III)താഴെ പറയുന്ന സ്വകാര്യ ലബോറട്ടറികളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1)DDRC SRL ഡയഗ്നോസ്റ്റിക്സ്, ചാരുംമൂട്

2)കാരുണ്യ ലാബ്, പടനിലം

3) ദേവി സ്കാൻസ് ആൻഡ് ലബോറട്ടറി

4) നൂറനാട് സ്കാൻസ് ആൻഡ് ക്ലിനിക്കൽ ലബോറട്ടറി, ചാരുംമൂട്

IV)താഴെ പറയുന്ന വാഹന വിൽപ്പന /സർവ്വീസ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല.

1)ഹീറോ മോട്ടോർസ് കോർപ്പ്- M/S. Lanzza Motors - Hero MotoCorp

2)ഹീറോ ഇലക്ട്രിക്- ഫ്യൂഷൻ മോട്ടോർസ്, ചാരുംമൂട്

3)രാജവത്സം മോട്ടോർസ്, ചാരുംമൂട്

4) ഫ്യൂച്ചർ മോട്ടോർസ്, ചാരുംമൂട്

V) വിവേകാനന്ദ വിദ്യാപീഠം, ആറ്റുവ, നൂറനാട് എന്ന സ്കൂളിലെ ജീവനക്കാർക്ക് തൊഴിൽ നികുതിചുമത്തിയിട്ടില്ല.2003 ൽ ആരംഭിച്ചതും 2011-12 മുതൽ ഹൈസ്കൂളായി പ്രവർത്തിക്കുന്നതുമായ സ്കൂളിലെ ജീവനക്കാരിൽ നിന്നും നാളിതുവരെയും തൊഴിൽ നികുതി ചുമത്തിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.19 തീയതി 25.09.2023-ന് മറുപടി ലഭിച്ചില്ല.)

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് അനുമതികൂടാതുള്ള വാണിജ്യ വ്യാപാര പ്രവർത്തനങ്ങൾ -ഫീസ് ഇനത്തിൽ നഷ്ടം

ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പട്ടിക 1 ൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഇപ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസിന്റെ കാലാവധി പ്രത്യേകം രേഖപ്പെടുത്തുന്ന പക്ഷം അപ്രകാരവും അല്ലാത്തപക്ഷം വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതുമാകുന്നു. (ചട്ടം-8). ഇപ്രകാരം കുറഞ്ഞ കാലയളവിലേക്ക് പോലും ലൈസൻസോടുകൂടി മാത്രമെ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കാനാകൂ എന്നിരിക്കെ വൃശ്ചികമഹോത്സവുമായി ബന്ധപ്പെട്ട് പടനിലം ക്ഷേത്രത്തിൽ പന്ത്രണ്ട് ദിവസം നടത്തപ്പെടുന്ന ഉത്സവവേളയിൽ നടത്തപ്പെടുന്ന വ്യാപാര കടകളും വിനോദ മേളകളും ഗ്രാമപഞ്ചായത്ത് ലൈസൻസോട് കൂടിയല്ല പ്രവർത്തിക്കുന്നത്.

നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രത്തിലെ വൃശ്ചികമഹോത്സവത്തോടനുബന്ധിച്ച് (വൃശ്ചികമാസത്തിലെ ആദ്യപന്ത്രണ്ട് ദിവസങ്ങൾ) ക്ഷേത്രപരിസരത്തും റോഡുകളുടെ സമീപത്തുമായി നിരവധി കച്ചവടസ്ഥാപനങ്ങൾ താൽക്കാലികമായി സ്ഥാപിച്ച് പ്രവർത്തനം നടത്താറുണ്ട്. ഇതിൽ ചിലത് ശബരിമല മണ്ഡലകാലം മുഴുവൻ ഈ സ്ഥലത്ത് പ്രവർത്തിക്കാറുമുണ്ട്. എന്നാൽ ഇവിടെ സ്ഥാപിക്കപ്പെടുന്ന താൽകാലിക കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോട് കൂടിയല്ല

പ്രവർത്തിക്കുന്നത് എന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വ്യക്തമാണ്. ഉത്സവശേഷം ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെന്നിരിക്കെ താൽകാലിക കച്ചവട സ്റ്റാളുകളിൽ നിന്നുള്ള വരുമാനം (ലൈസൻസ് ഫീസ്) ലൈസൻസ് നൽകാതിരിക്കുന്നതിലൂടെ നഷ്ടമാകുന്ന അവസ്ഥയാണുള്ളത്.

പഞ്ചായത്തിന്റെ ലൈസൻസ് എന്നത് വരുമാനമാർഗ്ഗം എന്നതിലുപരി ടി പ്രദേശത്ത് ഉത്സവസമയത്ത് എത്തി ജോലിചെയ്യുന്നവരുടെ ഒരുവിവരശേഖരണം കൂടിയാണ്. ലൈസൻസ് നൽകാതിരിക്കുന്നതിലൂടെ അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്തേണ്ട വിവരശേഖരണവും നടക്കുന്നില്ലായെന്നത് പരമപ്രധാനമായ വസ്തുതയാണ്. പഞ്ചായത്ത് സമിതി ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതും വിഷയം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം.27 തീയതി 27.09.2023-ന് മറുപടി ലഭിച്ചില്ല).

## 1-21 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 505 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

2022-23 വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുള്ള സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയ ലിസ്റ്റാണ് നിലവിൽ സൂക്ഷിച്ചുകൊണ്ടിരിക്കുന്നത്. തൻമൂലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വാർഡ് നം. | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|---|
| 1 | സുനി എസ്.<br>കോപ്പാറ തെക്കേതിൽ, ഈരേഴ വടക്ക്, ചെട്ടികുളങ്ങര | X/193 G,193 H | പാലസ് ഒപ്റ്റിക്കൽസ് & ഐ ക്ലിനിക് |
| 2 | സലീം റാവുത്തർ<br>മൂന്നുപീടികയിൽ, കൊട്ടയ്ക്കാട്ടശ്ശേരി | X/769,770 | ക്ലിനിക് ലാബോറട്ടറി |
| 3 | സേതു എസ്.<br>ചാപ്രയിൽ, എരുവ, | X/175B,C,D,E | ന്യൂ ദേശിംഗനാട് സ്കാൻസ്, ക്ലിനിക്കൽ ലാബോറോട്ടറി |

| | | | |
|---|---|---|---|
| | കരിയിലകുളങ്ങര | | |
| 4 | ഷീജ അനിൽ<br>ചിത്രാലയം, പള്ളിയവട്ടം, തെക്കേക്കര | XI/539B | കൃഷ്ണ ക്ലിനിക്കൽ ലാബോറട്ടറി |
| 5 | ശ്രീകുമാരി ആർ.<br>പനയ്ക്കൽ, എൽ.എസ്.പി.ഒ, നൂറനാട് | X/749 | ഹോമിയോപതിക് & അലർജി സെന്റർ |
| 6 | എസ്.ദീപ്തി കെ.<br>ശ്രീഭവൻ, ആററുവ, ഐരാണിക്കുഴി | XVII/764 | ആയുഷ് ഹോമിയോ ക്ലിനിക് |
| 7 | പ്രസന്നൻ ഡി.<br>പ്രശാന്ത്ഭവൻ, മുതുകാട്ടുകര, നൂറനാട് | IX/9 | ക്ലിനിക് |

3) താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പഞ്ചായത്ത് പട്ടിക II പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വാർഡ് നം. | സ്ഥാപനത്തിന്റെ വിശദാംശം | ചുമത്തിയ ഫീസ് |
|---|---|---|---|---|
| 1 | അൻസു വർഗ്ഗീസ്<br>ആന്നിയിൽ, കണ്ണനാകുഴി, ചാരുംമൂട് | X/159 | പ്രാണാലയം ഡയഗ്ണോസ്റ്റിക്സ് | 500 |
| 2 | മോഹനൻ നായർ<br>ഗൗരീശം, എരുമക്കുഴി | X/667 B1, 667 A1 | ഫ്യൂഷൻ അസോസിയേറ്റസ് | 500 |
| 3 | സൈറനജ്ജുമുദ്ദീൻ, ആല്ലുംമൂട്ടിൽ, ചേരാവള്ളി, കായംകുളം | X/150 | ആല്ലുംമൂട്ടിൽ ടെക്സ്റ്റയിൽസ് | 1000 |
| 4 | ഷാജഹാൻ അലി റാവുത്തർ<br>അറഫ ഹൗസ്, ചുനക്കര തെക്ക് | X/929,930,931, 932,933 | കെൻസമാൾ | 4000 |
| 5 | സി.പി.റഹിം | X/55 | ഗ്രാന്റ് ഫർണ്ണിച്ചർ | 1000 |

| | | | | |
|---|---|---|---|---|
| | ചിറയുടെ കിഴക്കേതിൽ, ശൂരനാട് | | | |
| 6 | പവിശങ്കർ എസ്. നന്ദനം, പുറക്കാട് | X/41B | ക്ലാസിക് ടി.വി.എസ്. (ടൃൂവീലർ വില്പന) | 1000 |
| 7 | സജീവ് കെ.പി. പൊന്നൂസ്, ആനയടി | X/742 | ഫ്യൂച്ചർ മോട്ടേഴ്സ് (ഇലട്രിക് സ്കൂട്ടർ വിൽപന) | 1000 |
| 8 | മുഹമ്മദ് അബ്ദുൾ വാഹിദ് മൗലവി മൻസിൽ, കൊല്ലുകടവ് | X/264 | ഗ്രേറ്റ് ഇൻഡ്യ ഫർണിച്ചർ വ്യാപാരം | 500 |
| 9 | അശോക് കുമാർ ഡി. കലയനിക്കാട്ടിൽ, മൈലപ്ര | X/940,941 | സുസുകി സ്കൂട്ടറുകളുടെ ബൈക്കുകളുടെയും വില്പന | 1000 |
| 10 | ഷിഹാബുദ്ദീൻ കുഞ്ഞ് യാസിൻ വില്ല, താമരക്കുളം | X/821 | ലാൻസാ മോട്ടോഴ്സ് സെയിൽസ് &സർവ്വീസ് | 500 |
| 11 | ആരതിസുരേഷ് മോഹനസദൻ, കിടങ്ങയം | VIII/15 | വെൽകെയർദന്തൽ ക്ലിനിക് | 500 |
| 12 | കെ.ഫസൽ അലി ഖാൻ സുഹറമൻസിൽ, ചാരുംമൂട് | X/204 | സ്റ്റോൺ ക്രാഫ്റ്റ് | 500 |
| 13 | ചെറിഷ് രാജ് ശ്രേയസ്സ്, കോമല്ലൂർ | X/81 | എസ്ക്വയർ ഇൻ & റസ്റ്റോറന്റ് | 1500 |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി മാത്രം ലൈസൻസ് അപേക്ഷകൾ സമർപ്പിക്കപ്പെടുന്നു എന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)താഴെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീസുകകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | തീയതി | അപേക്ഷകന്റെ വിശദാംശം |
|---|---|---|---|
| 1 | 1716 | 30.03.22 | സരസ്വതിയമ്മ<br>പുത്തൻവീട്ടിൽ തെക്കേതിൽ, മുതുകാട്ടുകര |
| 2 | 1737 | 30.03.22 | യൂസഫ്<br>കുളത്തിയിൽ പുത്തൻ വീട്, പന്തളം |
| 3 | 2035 | 19.04.22 | വിജയകൃഷ്ണൻ<br>പനയശ്ശേരിൽ കിഴക്കേതിൽ, നൂറനാട് |
| 4 | 2903 | 13.06.22 | സുശീല എൽ.<br>പഞ്ചാക്ഷരി, ആനയടി |
| 5 | 3268 | 04.07.22 | പ്രവീൺ ജി.<br>വല്ലഭത്തിന്റെ വടക്കേതിൽ, പണയിൽ |
| 6 | 3351 | 08.07.22 | റ്റി.ആർ.രൂപേഷ്<br>തെക്കേപ്പുറമ്പിൽ വീട്, ഐരാണിക്കുഴി |
| 7 | 3527 | 22.07.22 | ലീമദാസ്<br>കുഴിയത്ത് ഹൗസ്, ടൗൺ വാർഡ്, നൂറനാട് |
| 8 | 3565 | 23.07.22 | നന്ദലാൽ എൻ.<br>നാരായണമന്ദിരം, പഴഞ്ഞിയൂർകോണം |
| 9 | 4872 | 10.10.22 | ജോയ് റ്റി.ജി.<br>പാറയ്ക്കൽ, പടനിലം |
| 10 | 5243 | 20.10.22 | മോഹനൻ<br>ചാരങ്ങാട്ട് പുത്തൻ വീട്, പുലിമേൽ |

ലൈസൻസ് ഫീ രജിസ്റ്ററുകൾ കൃത്യമാക്കി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള മോട്ടോർ ഫീ ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വാർഡ് നം. | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|---|
| 1 | എൻ.ചെല്ലപ്പൻ<br>ശ്രീഗണംവീട്, നെടുംകുളഞ്ഞി | VIII/95 | ശ്രീഗണം സോമിൽ |

| | | | |
|---|---|---|---|
| 2 | സിനുജോയി മുട്ടത്തേത്ത്, വെൺമണി | III/38 | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 3 | മേഘ ഹരിദാസ് ഗോവിന്ദ ഭവനം, ഇടപ്പോൺ | I/739,740 | ജയ പെട്രോളിയം |
| 4 | കെ.കെ.ജോസഫ് ജോസ് വില്ല, എരുമക്കുഴി | IX/208 | ലെയ്ത്ത് വർക്ക്&വെൽഡിംഗ് വർക്ക് ഷോപ്പ് |
| 5 | രവീന്ദ്രൻ ആചാരി കൊല്ലംപറമ്പിൽ, പാറ്റൂർ | | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 6 | കെ.കെ.ജോസഫ് ജോസ് വില്ല,എരുമക്കുഴി | IX/246 | പൈപ്പ് മെഷ്യനിംഗ്, മെഷ്യൻ പാർട്സ് നിർമ്മാണം. |

6)റേഷൻ റീട്ടെയിൽ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഒരു റേഷൻഷോപ്പിൽ നിന്ന് (2/94) മാത്രമാണ് ലൈസൻസ് ഫീസ്, ഈടാക്കിയിട്ടുള്ളത്. നിലവിലെ ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

2022-23 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/27.09.23) അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത്

വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്ട്രേഷൻ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5,000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഇ-ടെണ്ടർ ഫീസ് -3,50,824/-രൂപ -ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 2022-ൽ ആരംഭിച്ച ഇ-ടെണ്ടർ അക്കൗണ്ടിൽ (എസ്.ബി.ഐ-2265) 70,635/- രൂപ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ നിലനിൽക്കുന്ന തുക പഞ്ചായത്ത് അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഇത് കൂടാതെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലും 2016-17 മുതൽ ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ 3,50,824/-രൂപ നിലനിൽക്കുന്നുണ്ട്. തുക പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 റീ-ഫണ്ട് ചെയ്ത മുൻകൂർ നിക്ഷേപം -1,42,516/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചില്ല

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, 11.08.2022-ലെ രസീത് നം.1220101451 പ്രകാരം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 1,42,516/-രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ടി തുക 2018-19 വർഷം വാട്ടർ അതോറിറ്റിയിൽ മുൻകൂറായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും വിനിയോഗ ശേഷമുള്ളതെന്ന് കാണുന്നു. തുക സർക്കാരിലേക്ക് തിരികെ അടയ്ക്കാതെ വീണ്ടും ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നൽകിയ മുൻകൂർ എന്ന ഹെഡ്ഡിൽ നിലവിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16 തീയതി 25.09.2023) നൽകിയതിനുള്ള മറുപടിയിൽ, തുക തിരിച്ചടച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുള്ള ചെലവാകയാൽ 1,42,516/-രൂപ അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വാട്ടർ അതോറിറ്റി വെള്ളക്കരം- പെരുകുന്ന ബാധ്യത- സത്വരനടപടി അനിവാര്യം

വെള്ളക്കരമിനത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ കുടിശ്ശിക 31.03.23-ലെ കണക്കുകൾ പ്രകാരം 3,86,91,235 രൂപയാണ്. ഈ തുക വാർഷിക കണക്കുകളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ബിൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് 537 ടാപ്പുകൾ നിലവിലുള്ളതായും 6,51,515 രൂപ പ്രതിമാസം സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് അടക്കുന്നുണ്ട്. 19.06.2023 മുതൽ 27.06.2023

വരെ ഗ്രാമപഞ്ചായത്ത്, KWA എന്നിവർ ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ 456 ടാപ്പുകൾ മാത്രം കണ്ടെത്തുകയും 19.07.23-ലെ 3(1) ഭരണസമിതി തീരുമാന പ്രകാരം 9 എണ്ണം നിലനിർത്തി 447 ടാപ്പുകൾ ഒഴിവാക്കുന്നതിനും KWA ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് തുക 04.09.23-ലെ KWA/PHA/D2/11002/2022 നമ്പർ കത്ത് പ്രകാരം 446 ടാപ്പുകൾ റദ്ദ് ചെയ്യുന്നതിനുള്ള തുകയായ 7,90,000 രൂപ ഡെപ്പോസിറ്റ് ചെയ്ത് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ പ്രതിമാസം നൽകുവാനുള്ള തുകയിൽ കുറവ് വരുത്തുന്നതിന് അടിയന്തിരമായ പ്രാധാന്യം നൽകേണ്ടതാണ്.

വെള്ളക്കര കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സംയുക്ത പരിശോധനയിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അവശേഷിക്കുന്നത് വെറും 130 പൊതുടാപ്പുകൾ മാത്രമാണ്. 2022 നവംബർ മാസം വരെ 1,86,375 രൂപ ഗ്രാമപഞ്ചായത്ത് KWA യിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അറിവോട് കൂടിയല്ലാതെ KWA പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും മുൻപ് നിലവിലുള്ള പൊതുടാപ്പുകൾ പ്രവർത്തനക്ഷമമാണോ ഇല്ലയോ എന്ന് പരിശോധിക്കുകയോ ചെയ്യാതെ ബിൽ തയ്യാറാക്കി അയക്കുകയും ചെയ്ത നടപടിയാണ് ഗ്രാമപഞ്ചായത്തിന് 537 ടാപ്പുകളെന്ന നിലവിലെ ബാധ്യതയിലേക്ക് എത്തിയത് എന്നത് ഒരു വസ്തുതയാണ്. പൊതു ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിലും പ്രവർത്തനക്ഷമമല്ലാത്തവയെ ഒഴിവാക്കുന്നതിലും വന്നിട്ടുള്ള വീഴ്ച കാരണം വലിയ തുക KWA യിലേക്ക് ഒടുക്കേണ്ട സ്ഥിതിയാണുണ്ടായത്. നിലവിലെ കുടിശ്ശിക ഒഴിവാക്കുന്നതിന് ജലവിഭവവകുപ്പ് മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശിക ഒഴിവാക്കുന്നത് സംബന്ധിക്കുന്ന സർക്കാർ നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.27 തീയതി 27.09.2023.)

## 1-25 ഹെൽപ്പ് ഡെസ്ക് സജ്ജമാക്കിയില്ല

പ്രോജക്ട് നം-111/23 സദ്ഭരണം- ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡെസ്ക്
നിർവ്വഹണം- സെക്രട്ടറി

പഞ്ചായത്തിലെത്തുന്ന പൊതു ജനങ്ങൾക്ക് രാവിലെ ഒൻപതുമുതൽ വൈകുന്നേരം 5 വരെ ആവശ്യമായ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിൽ ഹെൽപ്പ് ഡെസ്കിനാവശ്യമായ സ്ഥലസൌകര്യം, വൈദ്യുതി സൌകര്യം, ഇന്റർനെറ്റ് കണക്റ്റിവിറ്റി, ഫർണിച്ചർ, കുടിവെള്ളം ഉറപ്പാക്കൽ എന്നിവയും ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നിവയും ലക്ഷ്യമിട്ടിരുന്നു. കെൽട്രോണിൽ നിന്നും 32,052 രൂപ മുടക്കി ലാപ്പ്ടോപ്പ്(ബിൽ നം-118/16.12.22), GeM മുഖാന്തിരം 11,340 രൂപ ചെലവഴിച്ച് പ്രിന്റർ, 29850 രൂപക്ക് (ബിൽ നം-140/11.01.23) സ്കാനർ എന്നിവ വാങ്ങി.(ആകെ ചെലവ്-73,242 രൂപ / വികസനഫണ്ട് -പൊതുവിഭാഗം). എന്നാൽ ഹെൽപ്പ് ഡെസ്ക് നാളിതുവരെയും സജ്ജമാക്കിയിട്ടില്ല. കുടുബശ്രീയുമായി കരാറിൽ ഏർപ്പെട്ട് സ.ഉ. (കൈ)75/2022 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 21 തീയതി 25.09.2023-ന് മറുപടി ലഭ്യമാക്കിയില്ല. ഹെൽപ്പ് ഡസ്കിന്റെ ഭൌതിക സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായ സ്ഥലസൌകര്യം ഒരുക്കാതെ കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല. ഫ്രണ്ട് ഓഫീസിനോട് അനുബന്ധിച്ചുള്ള ഹെൽപ്പ് ഡെസ്ക് സജ്ജമാക്കി പ്രവർത്തനക്ഷമമാക്കുന്നതുവരെ 73,242 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ഹരിതകർമ്മ സേനക്ക് വാഹനം-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നം-S0163/23 പ്രകാരം ഹരിത കർമ്മസേനക്ക് വാഹനം

വാങ്ങിയിട്ടുണ്ട്. ടെണ്ടർ ഒഴിവാക്കി Gem മുഖാന്തിരം വാങ്ങുന്നതിനായിട്ടാണ് പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. ബാറ്ററി ഓപ്പറേറ്റഡ് ത്രി വീലർ കണ്ടെയിനർ ആണ് GeM മുഖേന വാങ്ങുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ Gem-ൽ ലഭിച്ച വിവരങ്ങളിൽ അൺബ്രാന്റഡായുള്ള കണ്ടെയിനറുകൾ മാത്രമാണ് ലഭ്യമായതെന്ന കാരണത്താൽ ഒരു സ്ഥാപനത്തിൽ നിന്നും പ്രഫോർമ്മ ഇൻവോയിസ് വാങ്ങി മഹീന്ദ്ര യുടെ TREO ZOR എന്ന ബാറ്ററി ഓപ്പറേറ്റഡ് കണ്ടയിനർ നേരിട്ട് വാങ്ങി. GeM ൽ ലഭ്യമായ ബ്രാന്റഡ് അല്ലാത്ത കണ്ടെയിനർ ന് സമീപത്ത് സർവ്വീസ് ലഭ്യമാകാത്തത് കൊണ്ടും മഹീന്ദ്ര യുടെ TREO ZOR കൂടുതൽ മെച്ചപ്പെട്ടതായതുകൊണ്ടുമാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടി വാഹനം വാങ്ങിയതെന്നും ഇതിന് GEM ൽ ലഭ്യമായതിനെക്കാൾ വിലകുറവാണെന്നും സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-17/25.09.2023). വില കുറവ് എന്ന വാദം അംഗീകരിക്കാനാവില്ല. GeMൽ ഉൾപ്പെടുത്തിയ പരമാവധി ചില്ലറവിലയും വാങ്ങിയ വാഹനത്തിന്റെ അടിസ്ഥാനവിലയും തമ്മിലാണ് താരതമ്യം നടത്തിയിട്ടുള്ളത്. GeM ൽ ലഭ്യമാകാതിരുന്ന സംഗതിയിൽ മറ്റ് നിയമാനുസൃത പർച്ചേസ് മാർഗ്ഗങ്ങൾ തേടാതിരുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ പർച്ചേസുകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രമെ നടത്താവൂ.

ടി വാഹനത്തിന് ഇൻ ബിൽറ്റായി GPS ഘടിപ്പിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയില്ല. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗിന് വാഹനത്തിന് GPS അത്യന്താപേക്ഷിതമാകയാൽ വാഹനത്തിന്റെ ഇൻബിൽറ്റ് GPS സംബന്ധിക്കുന്ന വിവരങ്ങൾ സെക്രട്ടറി പരിശോധിച്ചുറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 പുഷ്പക്കൃഷി-സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം -S0192/23

പുഷ്പകൃഷി, വനിത (ജനറൽ)

നിർവ്വഹണം - കൃഷി ഓഫീസർ

ചെലവ് 1) 200000/- ട്രഷറി ബിൽ റഫ.നം 22070852004801353278/15.03.23

2) 50000/- ചെക്ക് നം - 54786/31-03-23(ഗുണഭോക്തൃവിഹിതം)

മേൽ പദ്ധതി പ്രകാരം, കൈകോയിൽ നിന്ന് 10000 കുറ്റിമുല്ലത്തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു തൈക്ക് 25/- രൂപ നിരക്കിൽ 2,50,000/- രൂപ വിലയായി കൈകോക്ക് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. 115/2022/തസ്വഭവ / 28.05.22 ഖണ്ഡിക 6.1(5) പ്രകാരം ജനറൽ വിഭാഗത്തിൽ ആകെ ചെലവിന്റെ 75% തുകയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ഇപ്രകാരം 1,87,500/- രൂപയാണ് സബ്സിഡിയായി അനുവദിക്കേണ്ടതെന്നിരിക്കിലും 2,00,000/- രൂപ സബ്സിഡിയായി അനുവദിച്ചു. മേൽപ്പറഞ്ഞ പ്രകാരം വികസന ഫണ്ടിൽ നിന്ന് 12,500/- രൂപ അധികമായി ചെലവഴിച്ചു. ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വാങ്ങൽ നടത്തിയിരിക്കുന്നത് മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നല്ല. കൈകോയിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടും, അധിക സബ്സിഡി അനുവദിച്ചത് സംബന്ധിച്ചും മറുപടി നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം. 22/26.09.2023 തീയതി)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വികസന ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച 12,500/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ടിഡിഎസ് കുറവ് ചെയ്യാതെ പേയ്മെന്റ് നൽകി-കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നഷ്ടം

സർക്കാർ വകുപ്പുകൾ/പ്രാദേശിക സർക്കാരുകൾ തുടങ്ങിയവർ തങ്ങൾക്ക് കിട്ടിയ ചരക്ക്

സേവനങ്ങൾക്കുള്ള പെയ്മെന്റിൽ നിന്നും, അത് 2.5 ലക്ഷത്തിനുമുകളിലുള്ള കരാർ പ്രകാരമുള്ളതാണെങ്കിൽ സ്രോതസ്സിൽ നിന്നും ഒരു ശതമാനം വീതം നികുതി (CGST 1% & SGST 1%)പിടിച്ച് ഒടുക്കേണ്ടതാണ്. IGST ബാധകമായ സംഗതിയിൽ 2% നികുതിയാണ് ഉറവിടത്തിൽ നിന്നും പിടിക്കേണ്ടത് (TDS). (Sec 51(1) CGST Act.) എന്നാൽ ചുവടെ ചേർക്കുന്ന സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളിൽ നിന്നും നിയമാനുസൃതമായി കുറവ് ചെയ്യേണ്ട ജി.എസ്.റ്റി. വിഹിതം (2%) കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ചെലവ് വിവരങ്ങൾ | ഈടാക്കേണ്ട ജി.എസ്.ടി. |
|---|---|---|---|---|
| 163/23 | മാലിന്യശേഖരണത്തിന് ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനം വാങ്ങൽ | 1,38,280(ധനകാര്യകമ്മീഷൻ അവാർഡ്)<br>3,22,653(ശുചിത്വമിഷൻ ഫണ്ട്)<br>ആകെ 460933 | 22201031/09.02.23<br>22201036/10.02.23 | 9219 |
| 20/23 | പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ | 857217<br>(തനത് ഫണ്ട്) | വൌച്ചർ നം-22200084<br>(26.04.22)<br>22200085<br>(25.04.22)<br>ചെക്ക് നം-390866/26.04.22 | 4057 (ഈടാക്കേണ്ട 17,144 രൂപയിൽ 13,087 രൂപ Igst ഇനത്തിൽ കുറവ് ചെയ്ത് ഒടുക്കി.) |
| ആകെ | | | | 13,276/- |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28 തീയതി 27.09.2023) ന് മറുപടി ലഭ്യമാക്കിയില്ല. കരാർ പ്രകാരം സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കിയ പ്രസ്തുത വാങ്ങലുകളിൽ നിന്നും ജി.എസ്.റ്റി ഇനത്തിൽ ഈടാക്കേണ്ട 13,276/- സർക്കാരിലേക്ക് ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-29 വിവിധ പദ്ധതികൾ പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്ന്- 8,45,486/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങി നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല.

| പ്രോജക്ട് നം./ പേര് | ഫണ്ട് വിഹിതം | ബിൽ നം. / തീയതി | ചെലവഴിച്ച തുക | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| S0010/23 /ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 10,00,000/ | 2207085201310 1030466/ 11.01.2023 | 10,00,000 | 929086 | 70914 |
| S0011/23 /വൃദ്ധർക്ക് ആയുർവേദ മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)- 200000/ വികസന ഫണ്ട് :-300000/- | 2207085201 310103475 തീയതി 11.01.2023 2207085201 3101030483 തീയതി 11.01.2023 | 2,00,000<br>3,00,000 | 125428 | 374572 |
| S0011/23 /ജീവനം- പ്രസവ ശുശ്രൂഷ- മരുന്ന് വാങ്ങൽ | വികസന ഫണ്ട്(ജനറൽ) :-400000/- | 2207085201 310103472 തീയതി 11.01.2023 | 400000 | | 400000 |
| ആകെ | | | 1900000 | | 845486 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറികൾ നം. 11,12,13 തീയതി 23.09.2023-ന് മറുപടി ലഭിച്ചിട്ടില്ല.)

1-30 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഫയലിനോടൊപ്പം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. / പേര് | ബിൽ നം./തീയതി | തുക(തനതു ഫണ്ട്) |
|---|---|---|
| S0017/23 / എഫ്.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | ചെക്ക് നം. 54783/28.01.2023 | 12,500/- |

| | | |
|---|---|---|
| S0176/23 / എഫ്.എച്ച്.സിക്ക് ഹോസ്പിറ്റൽ ഇക്യുപ്മെന്റ്സ് | 22070852004501222708 /22.02.2023 | 63,340/- രൂപ (ബിൽ തുകയായ 1,50,000/-രൂപയിൽ 86,660/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു.) |
| S0176/23 / എഫ്.എച്ച്.സിക്ക് ഹോസ്പിറ്റൽ ഇക്യുപ്മെന്റ്സ് | ചെക്ക് നം. 54782/ 30.03.2023 | 11,064/-(തനതു ഫണ്ട്) |
| ആകെ | | 86.904/- |

മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരമുള്ള ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 21.09.2023) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ വിവിധ പദ്ധതികളിൽപ്പെടുത്തി ചെലവഴിച്ച 86,904/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 വിനിയോഗവിവരങ്ങളില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവ് താൽകാലികമായി തടസ്സപ്പെടുത്തുന്നു.

1)പ്രോജക്ട് നം-S0006/23 പ്രകാരം സമഗ്ര ശിക്ഷ കേരള എന്ന പ്രോജക്ടിലേക്കായി 5,50,000 രൂപ ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ പേരിൽ നൽകിയിട്ടുണ്ട്.(ബിൽ നം-50 തീ. 24.08.22) എന്നാൽ ചെലവിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ട് നം-S0001/23 പ്രകാരം പഞ്ചായത്തിലെ എല്ലാവാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും പുതിയ പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുമായി 29,29,535 രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | 41 | 08.08.22 | 21,120 |
| 2 | 123 | 21.12.22 | 21,56,887 |
| 3 | 125 | 24.12.22 | 6,15,548 |
| 4 | 181 | 22.02.23 | 1,35,980 |

കെ.എസ്.ഇ.ബി. യുടെ 25.11.2022-ലെ കത്ത് പ്രകാരം നിരവധി ലൊക്കേഷനുകളിൽ സ്ട്രീറ്റ് മെയിൻ ഉള്ളതായും കൃത്യമായ കണക്കുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 34,79,535 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.28/27.09.2023-ന് മറുപടി ലഭിച്ചില്ല.)

## 1-32 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ - ഒരു അവലോകനം

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 17 വാർഡുകളിലായി 29 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 16 എണ്ണം മാത്രം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 13 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 29 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. ഒരു അങ്കണവാടിയിൽ പോലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. 10 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 29 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 29 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ്. ഒറ്റ മുറിയായി പ്രവർത്തിക്കുന്ന അങ്കണവാടി ഇല്ല. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 അഗതിരഹിത കേരളം പദ്ധതി - അവലോകനം

നിരാലംബരും നിർധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസാ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഓഡിറ്റ് എൻക്വയറി നം.02 തീയതി 19.09.2023-ന് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരപ്രകാരം അംഗീകരിച്ച അഗതി രഹിത കേരളം പദ്ധതി (2019-22) പ്രകാരം നിലവിൽ 140 ഗുണഭോക്താക്കളുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യം സംബന്ധിച്ചും അഗതികൾക്ക് പഞ്ചായത്ത് അനുവദിച്ച ആനുകൂല്യം സംബന്ധിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം | വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് ആവശ്യമുള്ളവർ | 25 | 22 |
| ഭൂരഹിതർ | 20 | നിലവിൽ ആരും ഇല്ല. |
| കുടിവെള്ള | 10 | 10 |

| | | |
|---|---|---|
| സൗകര്യമില്ലാത്തവർ | | |
| ടോയ്‌ലെറ്റ് സൗകര്യമില്ലാത്തവർ | 10 | 10 |
| ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ | 20 | 17 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.S0080/23 പ്രകാരം 3,50,000/- രൂപ അഗതി ഗുണഭോക്താക്കൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ ആവശ്യമായ തുക അക്കൗണ്ടിൽ ഉണ്ടായിട്ടും പഞ്ചായത്ത് ഫണ്ട് ഭക്ഷണം നൽകുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. ചലഞ്ച് ഫണ്ടിന്റെ അഭാവത്തിൽ മാത്രം പദ്ധതി ഫണ്ട് ഭക്ഷണത്തിനായി വിനിയോഗിക്കേണ്ടതും അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ലൈഫ് പദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും വീട് ലഭ്യമാക്കുക, മുൻകാലങ്ങളിൽ സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുക, വീടുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക, പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് ലഭ്യമാക്കുക എന്നിവ ലൈഫ് ഭവന പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ചിലതാണ്. 2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ. ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1) ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2022-23 | 04 | 42 | 04 | 24 | 11 | 25 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2022-23 | 69,94,935 | 9,60,000 | 14,40,000 | 17,20,000 | 22,00,000 | 1,33,14,935 |

3) ഭവനം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2022-23 വർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ എസ്.സി. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രാധാകൃഷ്ണൻ കെ.കെ., രമേഷ് ഭവൻ, വാർഡ് -2 | 1,60,000/- |
| 2 | രജനി മോൾ, രജനി നിവാസ്, വാർഡ് - 5 | 1,60,000/- |
| 3 | സുമതി, പന്നിശ്ശേരിൽ, വാർഡ് -15 | 1,60,000/- |
| 4 | പ്രദീപ് ലാൽ, പ്രണവം വാർഡ് -2 | 1,60,000/- |
| 5 | സുകേശൻ, സുകേഷ് ഭവനം, വാർഡ് -16 | 1,60,000/- |
| 6 | ബാലകൃഷ്ണൻ, വിഷ്ണു ഭവനം, വാർഡ് -4 | 1,60,000/- |
| 7 | രാധിക, മാവിള്ളതിൽ, വാർഡ് -14 | 1,60,000/- |
| 8 | അമ്പിളി, വാല്യപറമ്പിൽ, വാർഡ് -10 | 1,60,000/- |
| 9 | ശാന്ത, പ്ലാവിള കിഴക്കതിൽ, വാർഡ് -17 | 1,60,000/- |
| 10 | സത്യപാലൻ, കുറ്റിത്തെക്കേതിൽ, വാർഡ് -14 | 3,00,000/- |
| 11 | അജി, നടുവത്ത് കിഴക്കേതിൽ, വാർഡ് -14 | 40,000/- |
| 12 | രാജു, രാജുഭവനം, വാർഡ് -16 | 40,000/- |

| | | |
|---|---|---|
| 13 | കൊച്ചു കുട്ടൻ, വല്യയ്യത്ത്, വാർഡ് -4 | 40,000/- |
| 14 | സരസ്വതി, സ്വാതി ഭവനം, വാർഡ് -6 | 1,60,000/- |
| 15 | ഷീജ, തറയിൽ മീനത്തേതിൽ, വാർഡ് -9 | 40,000/- |
| 16 | ശശികുമാർ, മലയിലയ്യത്ത്, വാർഡ് -2 | 40,000/- |
| 17 | ജിതിൻ, കക്കാട്ട് കുറ്റിയിൽ, വാർഡ് -14 | 40,000/- |
| 18 | പ്രസന്ന, ക്ലാത്തനയിൽ, വാർഡ് -2 | 1,60,000/- |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

4) ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തതും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഗുണഭോക്താക്കളുടെ എണ്ണം

| വിഭാഗം | എണ്ണം (ഭവന രഹിതർ) |
|---|---|
| എസ്.സി | 15 |
| ജനറൽ | 190 |
| ഫിഷറീസ് | 02 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പുഷ്പക്കൃഷി - സബ്സിഡി നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം - S0192/23

പുഷ്പക്കൃഷി, വനിത (ജനറൽ)

നിർവ്വഹണം - കൃഷി ഓഫീസർ

ചെലവ് 1) 200000/- ട്രഷറി ബിൽ നം 22070852004801353278/15.03.23

2) 50000/- ചെക്ക് നം - 54786/31.03.23(ഗുണഭോക്തൃവിഹിതം)

മേൽ പദ്ധതി പ്രകാരം, കൈകോയിൽ നിന്ന് 10000 കുറ്റിമുല്ലത്തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു തൈക്ക് 25/- രൂപ നിരക്കിൽ 2,50,000/- രൂപ വിലയായി കൈകോക്ക് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ / 28.05.22 ഖണ്ഡിക 6.1(5) പ്രകാരം ജനറൽ വിഭാഗത്തിൽ ആകെ ചെലവിന്റെ 75% തുകയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ഇപ്രകാരം 1,87,500/- രൂപയാണ് സബ്സിഡിയായി അനുവദിക്കേണ്ടതെന്നിരിക്കിലും 2,00,000/- രൂപ സബ്സിഡിയായി അനുവദിച്ചു. മേൽപ്പറഞ്ഞ പ്രകാരം വികസന ഫണ്ടിൽ നിന്ന് 12,500/- രൂപ അധികമായി ചെലവഴിച്ചു. ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വാങ്ങൽ നടത്തിയിരിക്കുന്നത് മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നല്ല. കൈകോയിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടും, അധിക സബ്സിഡി അനുവദിച്ചത് സംബന്ധിച്ചും മറുപടി നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം. 22/26.09.2023 തീയതി)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വികസന ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച 12,500/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 22-23 | 14,40,000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 14,40,000 | |
| ജില്ലാപഞ്ചായത്ത് | 22-23 | 1,24,000 | പാലിന് സബ്സിഡി(ജനറൽ) | 1,24,000 | 0 |
| ജില്ലാപഞ്ചായത്ത് | 22-23 | 1,00,000 | ആശ്രയ | 1,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 22-23 | 6,74,365 | നെൽകൃഷിവികസനം (ജനറൽ) | 6,74,365 | |
| ജില്ലാപഞ്ചായത്ത് | 22-23 | 1,35,000 | അങ്കണവാടി അനുപൂരകപോഷകാഹാരം | 1,35,000 | 0 |
| ജില്ലാപഞ്ചായത്ത് | 21/22 | 3,00,000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 22-23 | 1,50,000 | അതി ദാരിദ്ര്യം ഉപപദ്ധതി-വീട് അറ്റകുറ്റപ്പണി | 1,50,000 | |
| ജില്ലാപഞ്ചായത്ത് വിഹിതം ആകെ | | 29,23,365 | | 29,23,365 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 2,50,000 | പാലിന് സബ്സിഡി(ജനറൽ) | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 5,00,000 | നെൽകൃഷിവികസനം (ജനറൽ) | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 3,00,000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 1,00,000 | ആശ്രയ | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 1,92,359 | അങ്കണവാടി അനുപൂരകപോഷകാഹാരം (എസ് സി) | 1,92,359 | |
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 9,60,000 | ലൈഫ് ഭവന നിർമ്മാണം SC | 9,60,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 22-23 | 99,899 | പാലിയേറ്റീവ് കെയർ | 99,899 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ | | 24,02,258 | | 24,02,258 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ- | (1)22200843/26.12.2022<br>2)22200832/28.12.2022<br>3)22201168/13.03.2023<br>4)22200466/26.08.2022 | 21,56,887<br>6,15,548<br>1,35,980<br>21,120<br>29,29,535 | 0 | 29,29,535 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | വായ്പ തുക (തൻവർഷം) | തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 6872/22 | 29,20,000 | 1,28,58,428 | 25,73,326 | 0 | 1,32,05,102 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2019-20 | 3-5(1) | 7073/- | എ.എസ്.ആനന്ദൻ കോൺട്രാക്ടർ(ഫൈൻ) | 1220161117/01.07.2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി |

| | | | | | |
|---|---|---|---|---|---|
| | | | | | സമർപ്പിച്ചു |
| 1999-2000 | 17(1), (2) | 2003-2004 | 3 | അനാവശ്യമായി നൽകിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനം സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ് ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,63,44,649 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,33,96,628 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,39,681 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | | 12,500 | ശ്രീമതി അശ്വനി ദേവി, കൃഷി ഓഫിസർ |
| ആകെ | | 12,500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 73,242 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 1-30 | 86,904/- | ഡോ.ശ്രീജ കെ.ഒ., മെഡിക്കൽ ഓഫീസർ |
| 1-31 | 34,79,535 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| ആകെ | 36,39,681 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 13,276 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| ആകെ | 13,276 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി | സെക്രട്ടറി, നൂറനാട് | പല്ലവി, ചെട്ടികുളങ്ങര പി.ഒ., മാവേലിക്കര |
| ഡോ.ശ്രീജ കെ.ഒ., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., നൂറനാട് | വസന്ത വിലാസം, ചെന്നങ്കോട്ട്, ഒട്ടിയൂർ, വർക്കല |
| ശ്രീമതി അശ്വനി ദേവി, കൃഷി ഓഫിസർ | കൃഷി ഭവൻ, ചെമ്പ്, കോട്ടയം | തൃശിവപാദംഹൗസ്, കെ.എസ്.മംഗലം പി.ഒ., വൈക്കം കോട്ടയം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ 2001-02(വരവ്) വരെ | എൽ.എഫ്.ജി.എ5/1832/11: |
| 2001-02(ചെലവ്), 2002-03 മുതൽ 2018-19 വരെ | കെ.എസ്.എ. പി6/1588 /2022/തീയതി:17.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി./പി-6/266 തീ.30.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി./പി-6/565 തീ.03.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി./പി-6/69തീ.29.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 14-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nooranad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nooranad Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Nooranad Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All Statements such as ratios, Notes on Accounts etc., are not included along with annual accounts.

2. Depreciation on the vehicle purchased in the current year itself is included in the AFS.

3. Various expenditure in the Grant statement and Annual Financial Statements are not matching.

4. In AFS, demand in the case of Profession tax, is less than collection.

5.DCB figures depicted in Annual financial statements are not match with the figures in the registers concerned.

6. The amount which has to be deposited in the consolidated fund is wrongly accounted as advance to implimenting agency in AFS.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്